# നരക മുക്തിക്ക് കാരക്കച്ചീളും

عَنْ عَدِيِّ بْنِ حَاتِمٍ رَضِيَ اللهُ عَنْهُ قَالَ: سَمِعْتُ رَسُولَ اللهِ ﷺ يَقُولُ: مَا مِنْكُمْ مِنْ أَحَدٍ إِلاَّ سَيُكَلِّمُهُ اللهُ لَيْسَ بَيْنَهُ وَبَيْنَهُ تَرْجُمَانٌ فَيَنْظُرُ أَيْمَنَ مِنْهُ فَلَا يَرَى إِلاَّ مَا قَدَّمَ فَيَنْظُرُ أَشْأَمَ مِنْهُ فَلَا يَرَى إِلاَّ مَاقَدَّمَ ، فَيَنْظُرُ بَيْنَ يَدَيْهِ فَلَا يَرَى إِلاَّ النَّارَ تِلْقَاءَ وَجْهِهِ ، فَاتَّقُوا النَّارَ وَلَوْ بِشِقِّ تَمْرَةٍ

അദിയ്യുബ്നു ഹാത്തിമി(റ)ൽനിന്ന് നിവേദനം. റസൂൽ(സ) പറയുന്നതായി ഞാൻ കേട്ടു: “നിങ്ങളിൽ അല്ലാഹു സംസാരിക്കാത്ത (വിചാരണ ചെയ്യാത്ത) ഒരാളും ഉണ്ടാവുകയില്ല. അന്നേരം അയാൾക്കും അല്ലാഹുവിനുമിടയിൽ ദ്വിഭാഷി(സഹായി)യായി മറ്റാരും ഉണ്ടാവുകയുമില്ല. അപ്പോൾ അയാൾ(സഹായത്തിനായി) തന്റെ വലത് ഭാഗത്തേക്ക് കണ്ണയക്കും. സ്വജീവിതത്തിൽ താൻ അനുവർത്തിച്ച കർമങ്ങൾ മാത്രമായിരിക്കും അപ്പോഴയാൾ കാണുക. പിന്നെ തന്റെ ഇടത് ഭാഗത്തേക്കും അയാൾ ദൃഷ്ടി പായിക്കും. അവിടെയും സ്വജീവിതത്തിൽ താൻചെയ്ത കർമങ്ങൾ മാത്രമായിരിക്കും അയാൾ കാണുക. തന്റെ മുൻഭാഗങ്ങളിലേക്കായിരിക്കും പിന്നെ അയാൾ നോക്കുന്നത്. തന്റെ മുഖത്തിന് നേരെ ജ്വലിച്ചു നിൽക്കുന്ന നരകത്തെയല്ലാതെ മറ്റൊന്നും അപ്പോഴയാൾ കാണുകയില്ല. അതിനാൽ ജനങ്ങളേ, നിങ്ങൾ നരകച്ചൂളയിൽനിന്ന് മോചനം നേടാൻ ശ്രമിച്ചോളൂ; ഒരു കാരക്കച്ചീള് ദാനം ചെയ്തിട്ടെങ്കിലും” (ബുഖാരി, മുസ്‌ലിം).

**പരലോകനാളിൽ** വിചാരണയെ സ്വന്തം സ്വന്തമായാണ് നേരിടേണ്ടത്. മുമ്പിലോ പിമ്പിലോ വലത്തോ ഇടത്തോ വക്കീൽമാരായി ആരുമുണ്ടാവില്ല. മഹ്ശറയിൽ ജനകോടികൾ സമ്മേളിച്ചിട്ടും അയാളെ സഹായിക്കാൻ ഒരാളുമുണ്ടാവില്ല. ജീവിത കാലത്ത് താനനുവർത്തിച്ച സൽക്കർമങ്ങൾ മാത്രമായിരിക്കും അയാളുടെ രക്ഷക്കായെത്തുക. സൽകർമം ലഘുവായിരുന്നാലും അതിന് അതിന്റേതായ പ്രസക്തിയും പ്രാധാന്യവും ഉണ്ട്. നിസ്സാരമെന്ന് കരുതി ഒന്നിനെയും അവഗണിക്കേണ്ടതില്ല. നരകച്ചൂളയിൽനിന്ന് മോചനം ലഭിക്കാൻ കാരക്കച്ചീളും പര്യാപ്തം എന്നാണല്ലോ ഹദീസിന്റെ പാഠം. ധർമം ചെയ്യുന്ന ആളുടെ അവസ്ഥക്കും മനഃസ്ഥിതിക്കും അതനുഭവിക്കുന്ന വ്യക്തിയുടെ യഥാസമയത്തെ പരിതസ്ഥിതിക്കും പ്രസ്തുത കർമത്തെ മൂല്യവൽക്കരിക്കുന്നതിൽ സ്ഥാനമുണ്ട്.

മദീനയിൽ നബി(സ)യുടെ ആദ്യത്തെ ഖുത്ബ എന്ന ശീർഷകത്തിലാണ് *സീറത്തു ഇബ്നി ഹിശാമിൽ* ഉപര്യുക്ത ഹദീസ് രേഖപ്പെടുത്തിയിട്ടുള്ളത്. മുസ്‌ലിംകൾ കൂട്ടമായി മക്കയിൽനിന്ന് മദീനയിലേക്ക് അഭയാർഥികളായി എത്തിച്ചേർന്നിരുന്ന ഒരു ചുറ്റുപാടായിരുന്നു അപ്പോൾ മദീനയിൽ. അന്നത്തിന് വകയില്ലാതെയും ഉടുതുണിക്ക് മറുതുണി ഇല്ലാതെയും വിഷമിക്കുകയായിരുന്നു അവർ. ആ ദയനീയാവസ്ഥയിൽ കൈവശമുള്ളത് കാരക്കച്ചീള് പോലെ അതിനിസ്സാരമായിരുന്നാലും, ദൈവമാർഗത്തിൽ അർപ്പിച്ചു മുമ്പിൽ കത്തിയാളുന്ന ഭീകരമായ നരകത്തീയിൽ നിന്ന് മോചനം നേടാൻ ജനങ്ങളോടഭ്യർഥിക്കുകയായിരുന്നു നബി(സ) ഖുത്ബയിൽ. ഇത് പറയുമ്പോൾ നബി(സ) നരകം കണ്ടുകൊണ്ടിരിക്കുന്നുണ്ടെന്ന് സദസ്യർക്ക് അനുഭവപ്പെട്ടിരുന്നതായും അവിടുന്ന് ഇടക്കിടെ മുഖം തിരിച്ചിരുന്നതായും ഇമാം മുസ്‌ലിം നിവേദനം ചെയ്ത ഒരു ഹദീസിലുണ്ട്.

അല്ലാഹുവിന്റെ കോപം ഏറ്റുവാങ്ങുന്നവരാണല്ലോ നരകത്തിൽ കത്തിയെരിയുക. അല്ലാഹുവിന്റെ കോപത്തെയും നരകച്ചൂടിനെയും ഒരേ സമയം തണുപ്പിക്കാൻ പര്യാപ്തമാണ് ദാനധർമം.

നബി(സ)യുടെ പ്രസംഗത്തിൽ ഇങ്ങനെയും കാണാം: “അറിഞ്ഞുകൊള്ളുക, അല്ലാഹുവാണ, നിങ്ങൾ അബോധാവസ്ഥയിലാകുന്ന ഒരുനാൾ വരാനിരിക്കുന്നു. തന്റെ ആടുകളെവിടെപ്പോയെന്നറിയാത്ത ഇടയന്റേതായിരിക്കും അപ്പോൾ നിങ്ങളുടെ അവസ്ഥ. നന്മകൾക്ക് പത്തിരട്ടി പ്രതിഫലം കിട്ടും. എഴുന്നൂറ് ഇരട്ടിയാകുവോളം അത് വർധിച്ചുകൊണ്ടിരിക്കുകയും ചെയ്യും.” ഇടയൻ താലോലിക്കുന്ന തന്റെ കന്നുകാലികളും സമ്പന്നർ താലോലിക്കുന്ന സമ്പൽകൂമ്പാരങ്ങളും കൈവിട്ടുകൊണ്ടായിരിക്കും പരലോകയാത്രയെന്നും പഠിപ്പിക്കുകയാണ് പ്രവാചകൻ(സ). ■